സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ജി-സ്പാർക്ക് സംവിധാനം നടപ്പാക്കുന്ന സംഗതി- 31/05/2024 വരെയുള്ള ശമ്പള കുടിശ്ശിക ചെലവെഴുതുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർ.ഒ.സി.16335/17/ഇഡിപി. തിരുവനന്തപുരം, 28.06.2024

പരാമർശം:1. 11/06/2024 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്

2. ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ 20/06/2024 ലെ DAO No.951/23/GSP/B4 നമ്പർ റിപ്പോർട്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളം 2024 ജൂൺ മാസം മുതൽ ജി-സ്പാർക്ക് സംവിധാനം മുഖേന മാത്രം വിതരണം ചെയ്യുന്നതിന് നിർദ്ദേശിച്ച് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു.(പരാമർശം-1).

എന്നാൽ 31/05/2024 വരെയുള്ള ശമ്പള കുടിശ്ശികകൾ എപ്രകാരം ചെലവെഴുതണം എന്നത് സംബന്ധിച്ച് (പരാമർശം-1) ബോർഡ് ഉത്തരവിൽ പരാമർശിച്ചില്ലാത്തതാണെന്നും, ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ സ്പാർക്കിൽ രേഖപ്പെടുത്തുന്നത് പൂർത്തിയായിട്ടില്ലായെന്നതിനാൽ 31/05/2024 വരെയുള്ള ശമ്പള കുടിശ്ശികയും മാനുവൽ ബില്ലായി തന്നെ ചെലവെഴുതി നൽകുന്നതിന് അനുവദിച്ച് ഉത്തരവ് ഉണ്ടാകണമെന്നും വിവരിച്ചുള്ള ദേവസ്വം അക്കൗണ്ട്സ് ഓഫീസറുടെ റിപ്പോർട്ട് ലഭ്യമായി. (പരാമർശം-2)

മേൽ വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ 31/05/2024 വരെയുള്ള ശമ്പള കുടിശ്ശികകൾ മാനുവൽ ബില്ലായി ചെലവെഴുതി നൽകുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)

സെക്രട്ടറി

Scanned with OKEN Scanner